(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എൻ.ആർ.എച്ച്.എം.-ന് കീഴിൽ പുതിയതായി ആയുർവ്വേദ ഡിസ്പെൻസറികൾ അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ നിലവിൽ എല്ലാ പഞ്ചായത്തുകളിലും സർക്കാർ/ എൻ.ആർ.എച്ച്.എം. ആയുർവ്വേദ ഡിസ്പെൻസറികൾ നിലവിലുണ്ട്. പുതിയ സ്ഥാപനങ്ങൾ ഇടങ്ങാത്തതിനാലാണ് റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുവാൻ കഴിയാത്തത്.

(ബി) ടി പഞ്ചായത്തുകളിൽ എല്ലാംതന്നെ സർക്കാർ/എൻ.ആർ.എച്ച്.എം. ആയുർവ്വേദ ഡിസ്പെൻസറികൾ നിലവിലുണ്ട്. ആയതിനാലാണ് പുതിയ ആയുർവ്വേദ ഡിസ്പെൻസറികൾക്ക് അനുമതി നൽകാത്തത്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 15 ആയുർവ്വേദ ഡിസ്പെൻസറികൾ എൻ.ആർ.എച്ച്.എം.-ന് കീഴിൽ പ്രവർത്തനം ആരംഭിച്ചു. (തിരുവനന്തപുരം- 4, കോട്ടയം-4, മലപ്പുറം-1, കോഴിക്കോട്-3, എറണാകുളം-1, തൃശ്ശൂർ-2)

പരിയാരം സർക്കാർ ആയുർവ്വേദ കോളേജ്

114(814) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) പരിയാരം സർക്കാർ ആയുർവ്വേദ കോളേജിൽ ഏതൊക്കെ കോഴ്സുകളാണ് നിലവിലുള്ളത്; ഏതൊക്കെ പി.ജി. കോഴ്സുകൾ ഇടങ്ങുന്നതിനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പരിയാരം ആയുർവ്വേദ കോളേജിൽ അടിസ്ഥാന സൗകര്യവികസനത്തിനായി ഏതൊക്കെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്; എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചത്; അവയുടെ പ്രവർത്തന പുരോഗതി അറിയിക്കുമോ;

(സി) പരിയാരം ആയുർവ്വേദ കോളേജിൽ എത്ര അദ്ധ്യാപകരുടെ ഒഴിവുകൾ നിലവിലുണ്ട്; ഇവ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പരിയാരം സർക്കാർ ആയുർവ്വേദ കോളേജിൽ താഴെപ്പറയുന്ന കോഴ്സുകളാണ് നിലവിലുള്ളത്.

ബി.എ.എം.എസ്.-40 സീറ്റുകൾ

പി.ജി. കോഴ്സുകൾ :

1. രോഗനിദാന - 5 സീറ്റുകൾ

2. ക്രിയാശരീര - 5 സീറ്റുകൾ

പാരാ മെഡിക്കൽ കോഴ്സുകൾ :

ആയുർവ്വേദ തെറാപ്പിസ്റ്റ് 40 സീറ്റുകൾ

രസശാസ്ത്ര & ഭൈഷജ്യകൽപ്പന (4 സീറ്റുകൾ),

ശല്യതന്ത്ര-അസ്ഥിസന്ധി ഏവം മർമ്മാഘാതം (4 സീറ്റുകൾ) എന്നീ വിഷയങ്ങളിൽ പുതുതായി പി.ജി. തുടങ്ങുന്നതിനുള്ള ശിപാർശ സർക്കാരിന്റെ പരിശോധനയിലാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പരിയാരം ആയുർവ്വേദ കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) 1. പരിയാരം ആയുർവ്വേദ കോളേജിൽ പ്രൊഫസർ തസ്തികയിൽ 2 ഒഴിവുകളുണ്ടായിരുന്നു. 17-12-2015-ലെ ജി.ഒ. (ആർ.റ്റി) നമ്പർ 76/15/ആയുഷ് ഉത്തരവ് പ്രകാരം ടി ഒഴിവുകൾ നികത്തിയിട്ടുണ്ട്.

2. അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ 3 ഒഴിവുകളുണ്ട്. ആയതിൽ ഒരൊഴിവ് മേൽ പരാമർശം ഉത്തരവ് പ്രകാരം നിയമിച്ചിട്ടുണ്ട്.

3. എൻട്രി കേഡറിൽ 3 ഒഴിവുകൾ ഉണ്ട്. ആയത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly